**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ വകുപ്പ്-കെസ്പെയ്സിന്റെ നിർദ്ദിഷ്ട സംരംഭമായ എയ്റോസ്പെയ്സ് കൺട്രോൾ സിസ്റ്റം സെന്റർ സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയും കെസ്പെയ്സിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി നിയോഗിച്ചും, കെസ്പെയ്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ റിക്വിസിഷനിംഗ് അതോറിറ്റിയായി അധികാരപ്പെടുത്തിയും- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ (എ) വകുപ്പ്**

സ.ഉ.(കൈ) നം.2/2026/ITD തീയതി,തിരുവനന്തപുരം, 07-02-2026

---

പരാമർശം:-

1. 20.10.2022 തീയതിയിലെ സ.ഉ(കൈ)നം.38/2022/ഐ.ടി.ഡി
2. 16.01.2024 തീയതിയിലെ സ.ഉ(കൈ)നം.1/2024
3. 11.02.2025 തീയതിയിലെ സ.ഉ(സാധാ)നം.33/2025/ഐ.ടി.ഡി
4. കെസ്പെയ്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 28.03.2025 തീയതിയിലെ CEO/KSPACE/E&IT/573 നമ്പർ കത്ത്
5. കെസ്പെയ്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07.11.2025 തീയതിയിലെ CEO/KSPACE/E&IT/1026 നമ്പർ കത്ത്

**ഉത്തരവ്**

ദേശീയപാത 66 ന് സമാന്തരമായി നാല് ഐ.ടി ഇടനാഴികൾ സ്ഥാപിക്കുന്നതിനും പ്രസ്തുത പ്രോജക്ടിനായി ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ 1000 കോടി രൂപ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) ലാന്റ് അക്വിസിഷൻ പൂളിൽ നിന്ന് അനുവദിക്കുന്നതിനും പരാമർശം 1 പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു. കൂടാതെ ടി ഉത്തരവ് പ്രകാരം പ്രസ്തുത പ്രോജക്ടിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (എസ്.പി.വി) കെ.എസ്.ഐ.ടി.ഐ.എൽ നെയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷനിംഗ് അതോറിറ്റിയായി കെ.എസ്.ഐ.ടി.ഐ.എൽ മാനേജിംഗ് ഡയറക്ടറെയും അധികാരപ്പെടുത്തിയിരുന്നു.

2.കേരള സ്പെയ്സ് പാർക്കിന്റെ നിർദ്ദിഷ്ട സംരംഭമായ എയ്റോസ്പെയ്സ് കൺട്രോൾ സിസ്റ്റം സെന്ററിനായി വേളി/തുമ്പയിൽ വിഎസ്എസ്‌സി ക്യാമ്പസിനോട് ചേർന്നുള്ള 60

ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി പ്രസ്തുത 1000 കോടി രൂപയിൽ നിന്നും തുക കണ്ടെത്തുന്നതിന് അനുമതി നൽകി പരാമർശം 2 പ്രകാരം ഉത്തരവായി. തുടർന്ന്, ഭൂമി ഏറ്റെടുക്കുന്നതിനായി പ്രസ്തുത 1000 കോടി രൂപയിൽ നിന്ന് 600 കോടി രൂപ അനുവദിച്ചുകൊണ്ട് പരാമർശം 3 പ്രകാരവും ഉത്തരവായി.

3.ഐ.ടി ഇടനാഴികൾ സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ പ്രക്രിയയ്ക്ക് ഇനിയും കാലതാമസം നേരിടാമെന്നതിനാലും എയ്റോസ്പെയിസ് കൺട്രോൾ സിസ്റ്റം സെന്റർ ഉടനെ തന്നെ നടപ്പാക്കേണ്ട പദ്ധതിയായതിനാലും കെസ്പെയ്സിന്റെ പേരിൽ തന്നെ ഭൂമി ഏറ്റെടുക്കേണ്ടതുള്ളതിനാലും പ്രസ്തുത ആവശ്യത്തിന് കെസ്പെയ്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെത്തന്നെ റിക്വിസിഷനിംഗ് അതോറിറ്റിയാക്കണമെന്ന് പരാമർശം 4 പ്രകാരം കെസ്പെയ്സ് സി.ഇ.ഒ അഭ്യർത്ഥിക്കുകയുണ്ടായി. കൂടാതെ, ഭാവിയിൽ ടെക് സ്പെയ്സിന◌് സ്ഥലലഭ്യതക്കുറവ◌ുണ്ടെങ്കിൽ, കെസ്പെയ്സിനായി ഏറ്റെടുക്കുന്ന 60 ഏക്കർ ഭൂമിയിൽ നിന്നും പരമാവധി 2 0 ഏക്കർ വരെയുള്ള ഭൂമി ഐടി കെട്ടിടം /ജിസിസികൾ സ്ഥാപിക്കുന്നതിനായി വിട്ടുനൽകാമെന്ന് ധാരണയിലെത്തിയ◌ിട്ടുമുണ്ട്.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെസ്പെയ്സിന്റെ നിർദ്ദിഷ്ട സംരംഭമായ എയ്റോസ്പെയിസ് കൺട്രോൾ സിസ്റ്റം സെന്റർ സ്ഥാപിക്കുന്നതിനായി കിഫ്ബിയുടെ ലാൻഡ് അക്വിസിഷൻ പൂളിൽ നിന്നും അനുവദിച്ച 600 കോടി രൂപ ചെലവഴിച്ച് വേളി/തുമ്പയിൽ വിഎസ്എസ്സി ക്യാമ്പസിനോട് ചേർന്നുള്ള 60 ഏക്കർ ഭൂമി 2013-ലെ RFCTLARR ആക്ട് (Land Acquisition, Rehabilitation and Resettlement Act 2013) പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയും കെസ്പെയ്സിനെ പ്രസ്തുത പ്രോജക്ടിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി നിയോഗിച്ചും, കെസ്പെയ്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷനിംഗ് അതോറിറ്റിയായി അധികാരപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പരാമർശം 1 ലെ ഉത്തരവ് പ്രസ്തുത ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീറാം സാംബശിവ റാവു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

<u>പകർപ്പ്</u>

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ സ്പെയ്സ്

മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ടി.ഐ.എൽ

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ.................)

റവന്യൂ വകുപ്പ് ( B1/216/2025-REV)

വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Kiran M
Date: 07-02-2026 10:29:53
സെക്ഷൻ ഓഫീസർ